## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1430 22.3.2013-ൽ മറുപടിക്ക്

### 'സാനിറ്ററി ലാന്റ്ഫിൽ' സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. എ നെല്ലിക്കുന്ന്<br>,, കെ.മുഹമ്മദുണ്ണി ഹാജി<br>,, പി.ഉബൈദുള്ള | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള 'സാനിറ്ററി ലാന്റ്ഫിൽ' സംവിധാനം ഏതൊക്കെ നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | എ) | ഇതുവരെ ഒരു നഗരസഭയിലും നടപ്പിലാക്കി യിട്ടില്ല. |
| ബി) | ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ 'കോമൺലാന്റ് ഫിൽ' സംവിധാനം ഏർപ്പെടുത്തുന്നത് പരി ഗണിക്കുമോ; | ബി) | ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| സി) | മാലിന്യസംസ്കരണത്തിനുവേണ്ടി 'സാനിറ്ററി ലാന്റ് ഫിൽ' സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാ ക്കുന്നത് പരിഗണിക്കുമോ; വിശ ദാംശം നൽകുമോ? | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനും സംവിധാനങ്ങൾ ഉണ്ടാക്കേ ണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. 2000-ാമാണ്ടിൽ കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയം വിജ്ഞാപനം ചെയ്ത നഗര ഖരമാലിന്യ (പരിപാലനവും കൈകാര്യവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ ശേഖരണ സംസ്ക്കരണ സംവിധാനവും സാനിട്ടറി ലാന്റ്ഫിൽ സംവിധാനവും ഏർപ്പെടുത്തേണ്ട തുണ്ട്. ഇതിനായി പദ്ധതി നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തുകൾ, മുന്നോട്ടു വരുന്നപക്ഷം ഇതിനുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ